പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പര്‍ 459** **<u>20.10.2011-ല്‍ മറുപടിയ്ക്ക്</u>**

**<u>ചെക്ക്പോസ്റ്റുകളിലെ എസ്.എം.എസ്.അലര്‍ട്ട് സംവിധാനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.അച്ചുതന്‍<br>ശ്രീ.കെ.ശിവദാസന്‍ നായര്‍<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണന്‍ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വ്യാജപേരിലുള്ള ചരക്ക് കൈമാറ്റം തടയാന്‍ എന്തെല്ലാം നടപടികളാണ് ചെക്ക് പോസ്റ്റുകളില്‍ കൈക്കൊള്ളാന്‍ ഉദ്ദേശിക്കുന്നത് ; | (എ) | ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അതിര്‍ത്തി ചെക്ക്പോസ്റ്റിലൂടെ സംസ്ഥാനത്തിലേക്ക് കടന്നുവരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാരപഥം ടിന്‍/പിന്‍ ഡീലര്‍മാരുടെ മൊബൈല്‍ ഫോണില്‍ അലേര്‍ട്ട് മെസേജ് എസ്.എം.എസ് ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനമാണ് കൈക്കൊള്ളാന്‍ ഉദ്ദേശിക്കുന്നത് |
| (ബി) | ആയതിലേക്ക് എസ്.എം.എസ്.അലര്‍ട്ട് സംവിധാനം ഏര്‍പ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ ; | (ബി) | എസ്.എം.എസ് അലര്‍ട്ട് സംവിധാനം താമസംവിനാ നടപ്പിലാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സംവിധാനത്തിന്റെ പ്രവര്‍ത്തനരീതി എങ്ങനെ ആയിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | വ്യാപാരികള്‍ക്ക് ഓണ്‍ലൈന്‍ മുഖേന ചെക്ക്പോസ്റ്റ് വഴി വരുന്ന സാധനങ്ങളുടെ വിവരങ്ങള്‍ മുന്‍കൂറായി ഡിക്ലയര്‍ ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. വ്യാപാരി ഓണ്‍ലൈന്‍ മുഖേന ചെക്ക്പോസ്റ്റു വഴി കൊണ്ടുവരേണ്ട സാധനങ്ങളെ സംബന്ധിച്ച വിവരം ഡിക്ലയര്‍ ചെയ്ത് **Kerala Value Added Tax Information System** ല്‍ സബ്മിറ്റ് ചെയ്യുമ്പോള്‍ പ്രസ്തുത വ്യാപാരിയുടെ |

(.......2)

മൊബൈൽ ഫോണിൽ ഒരു എസ്. എം. എസ് സന്ദേശം നല്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത വ്യാപാരിയുടെ ചരക്കുകൾ കൊണ്ടുവരുന്നത് ഏത് ചെക്ക് പോസ്റ്റു വഴി ആണെന്നതും ടോക്കൺ നമ്പറും എസ്. എം.എസ് വഴി വ്യാപാരിക്ക് അറിയാവുന്നതാണ്. ഈ സംവിധാനം നടപ്പിലാക്കുന്നതിന് വ്യാപാരികളുടെ മൊബൈൽ ഫോൺ നമ്പർ അനിവാര്യമാണ്. ആയത് ശേഖരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ